**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2682** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഉത്തേജന പലിശ ഇളവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണമായും ഒഴിവാക്കി നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി കേരള ബാങ്ക് രൂപീകരിച്ചതിനുശേഷം നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (എ) | **ഉത്തേജന പലിശയിളവ് കേരള ബാങ്ക് രൂപീകരണ ശേഷം നിലവിലില്ല. എന്നാൽ ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്കുള്ള 3 ശതമാനം പലിശ സബ് വെൻഷൻ (Prompt Repayment Incentive) കേരള ബാങ്ക് രൂപീകരണ ശേഷവും തുടരുന്നുണ്ട്.** |
| (ബി) | കേരള ബാങ്ക് രൂപീകരണത്തിന് മുൻപ് കാർഷിക മേഖലയുടെ വികസനത്തിനും കാർഷിക ഉല്പന്നങ്ങളുടെ വിപണത്തിനും വേണ്ടി സഹകരണ പ്രസ്ഥാനങ്ങൾ ഇടപെട്ടതുപോലെ ഏതെല്ലാം വിധത്തിലുള്ള ഇടപെടലാണ് കേരള ബാങ്ക് നടത്തിവരുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | **കേരള ബാങ്ക് രൂപീകരണത്തിനായി ഹ്രസ്വകാല കാർഷിക വായ്പയുടെ പലിശയിൽ ഒരു ശതമാനം കുറച്ചു നൽകിയും NODC യുടെ 100 ശതമാനം വരെ പുനർവായ്പ നടപ്പിലാക്കിയിട്ടുണ്ട്. നബാർഡിന്റെ പുനർവായ്പാ പദ്ധതി പ്രകാരം കാർഷിക മേഖലയുടെ വികസനത്തിനും കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനുമായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള PACS as MSC വായ്പകൾ വിതരണം ചെയ്ത് വരുന്നു. വിവിധ ജില്ലകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ട 166 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ മുഖേന 203 പ്രോജക്ടുകളിലായി 433.27 കോടി രൂപ ഈ ഇനത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് സംസ്ഥാനത്തുടനീളം പ്രവർത്തിച്ചു വരുന്ന കർഷക ഉൽപാദക സംഘടനകൾ മുഖേന വായ്പകൾ അനുവദിക്കുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. ക്ഷീര മേഖലയിൽ ക്ഷീര സംഘങ്ങൾ മുഖേന ഹ്രസ്വകാല മധ്യകാല കാർഷിക വായ്പകൾ നൽകുന്നതിനും മിൽമ മുഖേനയുള്ള വായ്പാ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മത്സ്യ കൃഷിക്കാർക്കായുള്ള വായ്പകളും നൽകി വരുന്നു. പ്രാഥമിക സഹകരണ സംഘങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രോജെക്ടഡ് പ്ലാനിന്റെ അടിസ്ഥാനത്തിൽ കാർഷിക സ്വർണപണയ വായ്പകളും നിലവിൽ അനുവദിച്ച് വരുന്നു. കൂടാതെ കാർഷിക** |

| | | | |
|---|---|---|---|
| | | | **കാർഷികാനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന JLG/SHG ഗ്രൂപ്പുകൾക്കും കേരള ബാങ്കിൽ നിന്നും വായ്പകൾ അനുവദിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ